(ബി) മാനേജുമെന്റും കെ.എസ്.ആർ.ടി.സി.യിലെ ഭൂരിപക്ഷം തൊഴിലാളികളെ പ്രതിനിധാനം ചെയ്യുന്ന രണ്ട് അംഗീകൃത സംഘടനകളും തമ്മിൽ കെ.എസ്.ആർ.ടി.സി.യിലെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച ഒരു ദീർഘകാല കരാർ 13.4.1999-ൽ ഒപ്പുവയ്ക്കുകയുണ്ടായി. പ്രസ്തുത കരാർ അനുസരിച്ച് 1.3.1997-ൽ തുടരുന്നത് ഏത് പോസ്റ്റ്/ഗ്രേഡിലാണോ, ആ പോസ്റ്റ്/ഗ്രേഡിൽ മാത്രമേ ഓപ്ഷൻ നൽകാൻ പാടുള്ളൂ. എങ്കിലും 1.3.1997 (കരാർ തുടങ്ങുന്ന തീയതി) 13.4.1999 (കരാർ ഒപ്പിട്ട തീയതി) ഇടയിൽ പ്രമോഷൻ കിട്ടിയ തസ്തികയിൽ ഓപ്ഷൻ കൊടുക്കാൻ തൊഴിലാളികളെ അനുവദിച്ചിട്ടുണ്ട്. സർക്കാരിൽ 1.3.1999-നും (ശമ്പള പരിഷ്കാരം നിലവിൽ വരുന്ന തീയതി) 25.11.1998-നും (ആറാം ശമ്പളക്കമ്മീഷന്റെ ഉത്തരവ് ഇറക്കിയ തീയതി) ഇടയിൽ പ്രൊമോഷൻ കിട്ടിയ തസ്തികയിൽ മാത്രമേ ഓപ്ഷൻ കൊടുക്കുവാൻ അനുവദിച്ചിട്ടുള്ളൂ എന്നുള്ള കാര്യം സ്മരണീയമാണ്. ഉഭയകക്ഷിക്കരാർ ഏകപക്ഷീയമായി മാറ്റുന്നത് നിയമവിരുദ്ധമാണ്.

(സി) ഔദ്യോഗിക നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം മാത്രമേ ഉണ്ടായിട്ടുള്ളൂ.

(ഡി) പ്രൊമോഷൻ തീയതി വെച്ച് പുതുക്കിയ സ്കെയിലിൽ ഓപ്ഷൻ നൽകാൻ കഴിഞ്ഞില്ല എന്ന കാരണത്താൽ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്)ഉഭയകക്ഷിക്കരാറിലെ അനക്ഷർ ആറിന്റെ 3-ാം ഖണ്ഡികയിലെ നിയന്ത്രണം ഏകപക്ഷീയമായി മാറ്റുന്നത് നിയമാനുസൃതമല്ല.

79 (367) പോരേടം കല്ലടത്തണ്ണിയിലെ ബസ് അപകടം

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 നവംബർ മാസത്തിൽ പോരേടം കല്ലടത്തണ്ണിയിൽ വച്ച് മറിഞ്ഞ 'വൽക്കലം' എന്ന ബസ്സിന് സർവ്വീസ് നടത്താൻ ആർ.ടി.ഒ. അനുമതി നിഷേധിച്ചിരിക്കുന്നുവോ;

(ബി) എങ്കിൽ എന്തു കാരണത്തിൻമേലാണ് അനുമതി നിഷേധിച്ചത്

(സി) അനുമതി നിഷേധിച്ചുകൊണ്ടുള്ള ആർ.ടി.ഒ.യുടെ ഉത്തരവിനെതിരെ പ്രസ്തുത വാഹനത്തിന്റെ ഉടമ ഗവൺമെന്റിൽ അപ്പീൽ നൽകിയിരുന്നുവോ;

(ഡി) എങ്കിൽ അപ്പീലിൽ ഉന്നയിച്ച കാര്യങ്ങൾ എന്തെല്ലാമായിരുന്നു;

(ഇ) ഈ അപ്പീലിൽ ഗവൺമെന്റ് എന്തു തീരുമാനമെടുത്തു;

(എഫ്)എന്തടിസ്ഥാനത്തിലാണ് പ്രസ്തുത തീരുമാനം കൈക്കൊണ്ടതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിഷേധിച്ചിരുന്നു.

(ബി) 1999 നവംബർ 14-ാം തീയതി ചടയമംഗലം പള്ളിക്കൽ റോഡിൽ കല്ലടത്തണ്ണിയിൽ വച്ച് അപകടം സംഭവിച്ച കെ.ആർ.എൻ. 3681 'വൽക്കലം' എന്ന ബസിന് വർക്കല-ടെമ്പിൾ പുനലൂർ എന്ന റൂട്ടിൽ സ്ഥിരം പെർമിറ്റിനായി തന്ന അപേക്ഷ 27-6-1997-ൽ കൂടിയ ആർ.റ്റി.എ. ഐറ്റം നമ്പർ

LIBRARY ARCHIVES Kerala Legislative Assembly

10 ആയി പരിഗണിക്കുകയും വാഹന നമ്പർ കാണിക്കാത്തതിനാൽ താഴെ പറയുന്ന തീരുമാനം എടുക്കുകയുണ്ടായി.

"Heard. No ready vehicle produced പ്രസ്തുത അപേക്ഷകൾ കെ.ആർ.എൻ. 3691 എന്ന വാഹനം പ്രസ്തുത റൂട്ടിൽ ഓടിക്കുവാൻ തയ്യാറാണെന്ന് അറിയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 26-11-1997-ൽ ഐറ്റം നമ്പർ 33 ആയി കൊല്ലം ആർ.ടി.എ. ഈ വിഷയം വീണ്ടും പരിഗണിക്കുകയും ചെയ്തു. അന്ന് ആർ.ടി.എ. കൈക്കൊണ്ട തീരുമാനം താഴെ കാണുംവിധമാണ്.

"Heard. No Ready vehicle produced Route touches more than two intermediate points on the notified scheme, Thiruvananthapuram, Kottayam (via) Punalur. Therefore, the permit is rejected".

(സി) പെർമിറ്റിനുള്ള അപേക്ഷ നിഷേധിച്ച കൊല്ലം ആർ.ടി.എ.യുടെ ഉത്തരവിനെതിരായി പ്രസ്തുത വാഹന ഉടമയ്ക്ക് ഗവൺമെന്റിൽ അപ്പീൽ നൽകാൻ വകുപ്പില്ല. എന്നാൽ ആർ.ടി.എ.യുടെ ഉത്തരവിനെതിരായി വാഹന ഉടമ എറണാകുളം സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബുണൽ മുമ്പാകെ എം.വി.എ.എ.നമ്പർ 1/98 ആയി അപ്പീൽ നൽകിയിരുന്നു. പ്രസ്തുത അപ്പീലിൽ മേൽ എസ്.റ്റി.എ.റ്റി. വാഹന ഉടമയ്ക്ക് പെർമിറ്റ് നൽകുവാൻ 26-5-98-ൽ ഉത്തരവിടുകയായിരുന്നു.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ)&(എഫ്) ബാധകമല്ല.

80 (368) കോഴിക്കോട് നഗരത്തിൽ കെ.എസ്.ആർ.ടി.സി. സിറ്റി സർവ്വീസ്

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ എത്ര കെ.എസ്.ആർ.ടി.സി. ബസുകൾ സിറ്റി സർവ്വീസ് നടത്തുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) സർവ്വീസ് നടത്തുന്നില്ലെങ്കിൽ നഗരത്തിൽ സിറ്റി സർവ്വീസ് ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) കോഴിക്കോട്-മെഡിക്കൽ കോളേജ് റൂട്ടിൽ സിറ്റി സർവ്വീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് നഗരത്തിൽ ദേശസാൽകൃത റൂട്ടായ വയനാട് റൂട്ടിൽ കുന്നമംഗലംവരെ കെ.എസ്.ആർ.ടി.സി. 4 സിറ്റി സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ബസുകളുടെ അപര്യാപ്തതമൂലം തൽക്കാലം കഴിയുന്നില്ല.

81 (369) മാവൂർ - കോഴിക്കോട് റൂട്ടിലെ ചെയിൻ സർവ്വീസ്

ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly